## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1498** **12-02-2025 - ൽ മറുപടിയ്ക്ക്**

## മംഗലശ്ശേരി തോട്ടം നിവാസികൾക്ക് പട്ടയം അനുവദിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | താഴെക്കോട് വില്ലേജിലെ മംഗലശ്ശേരി തോട്ടം നിവാസികൾക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിലെ കോഴിക്കോട് താലൂക്കിൽ താഴെക്കോട് വില്ലേജിൽ ചേന്ദമംഗലൂർ ദേശത്ത് റീസർവ്വെ 91-ൽ ഉൾപ്പെട്ട 18.12 ഏക്കറും റീസർവ്വെ 99-ൽപ്പെട്ട 7.72 ഏക്കറും ഉൾപ്പെടെ 25.84 ഏക്കർ ഭൂമിയിൽ താമസിക്കുന്ന മംഗലശ്ശേരി തോട്ടം നിവാസികൾക്ക് പട്ടയം അനുവദിക്കുന്ന നടപടികൾ പുരോഗതിയിലാണ്.<br><br>30.11.1972-ലെ സ.ഉ. (എം.എസ്.) 407/72/അഗ്രി. (ഫോറസ്റ്റ് ജനറൽ) നം. സർക്കാർ ഉത്തരവ് പ്രകാരം താമരശ്ശേരി റെയ്ഞ്ചിനു കീഴിലെ അമ്പലക്കണ്ടി പ്ലാന്റേഷൻ, പൊഴിയമംഗലശ്ശേരി, പുത്തലത്തു ചിറ്റാരിക്കൽ പ്ലാന്റേഷൻ എന്നീ 3 പ്ലാന്റേഷനുകളിലായുണ്ടായിരുന്ന 10.79 ഹെക്ടർ (26.66 ഏക്കർ) ഭൂമി കൃഷിക്കാർക്ക് പതിച്ചു നൽകുന്നതിനായി "ഡിസ് - റിസർവ്വ്" ചെയ്ത് റവന്യൂ വകുപ്പിലേക്ക് കൈമാറ്റം ചെയ്യുന്നതിന് നിർദ്ദേശം നൽകി ഉത്തരവായിരുന്നു.<br><br>പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1970-ലെ ആരബിൾ ഫോറസ്റ്റ് ലാൻഡ് അസൈൻമെന്റ് റൂൾസ് പ്രകാരം 243 പേർക്ക് 10 സെന്റ് ഭൂമി വീതം പതിച്ചു നൽകിയിട്ടുണ്ട്. എന്നാൽ, പ്രസ്തുത ഭൂമി വിതരണത്തിൽ ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് ഭൂമി പതിച്ചു കിട്ടിയവരിൽ വ്യവസ്ഥകൾ ലംഘിച്ചവരുടെ പട്ടയങ്ങൾ ടിയാൾക്കാരെ നേരിൽകേട്ട് 1974-ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ്സ് (വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ്) റൂൾസിലെ വ്യവസ്ഥകൾ പ്രകാരം റദ്ദ് ചെയ്യുവാൻ 12.01.2010-ലെ സ.ഉ. (എം.എസ്.) 15/2010/ആർ.ഡി.നം. പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ഈ ഭൂമിക്ക് പട്ടയം അനുവദിച്ചത് 1970-ലെ ആരബിൾ ഫോറസ്റ്റ് ലാൻഡ് അസൈൻമെന്റ് റൂൾസ് പ്രകാരമായതിനാൽ പ്രസ്തുത നിയമപ്രകാരം മാത്രമേ |

| | | | |
|---|---|---|---|
| | | | അനുവദിച്ച പട്ടയങ്ങൾ റദ്ദ് ചെയ്യുവാൻ സാധിക്കയുള്ളു. 1970-ലെ ആരബിൾ ഫോറസ്റ്റ് ലാൻഡ് അസൈൻമെന്റ് റൂൾസ് പ്രകാരം പട്ടയം റദ്ദ് ചെയ്യുന്നതിന് വ്യവസ്ഥ ചെയ്ത് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും അർഹരായ ഗുണഭോക്താക്കൾക്ക് പട്ടയം അനുവദിക്കുന്നതിനുമുള്ള നടപടികൾ റവ-എൽ2/82/2024-റവ നമ്പർ ഫയലിൽ പരിശോധിച്ചു വരികയാണ്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് ഇനി എന്തെല്ലാം നടപടി ക്രമങ്ങൾ പൂർത്തിയാക്കാനുണ്ടെന്ന് വിശദമാക്കുമോ; | (ബി) | കോഴിക്കോട് ജില്ലയിലെ കോഴിക്കോട് താലൂക്കിൽ താഴെക്കോട് വില്ലേജിൽ ചേന്ദമംഗലൂർ ദേശത്ത് റീസർവ്വെ 91-ൽ ഉൾപ്പെട്ട 18.12 ഏക്കറും റീസർവ്വെ 99-ൽപ്പെട്ട 7.72 ഏക്കറും ഉൾപ്പെടെ 25.84 ഏക്കർ ഭൂമിയിൽ താമസിക്കുന്ന മംഗലശ്ശേരി തോട്ടം നിവാസികൾക്ക് പട്ടയം അനുവദിക്കുന്ന നടപടികൾ പുരോഗതിയിലാണ്.<br><br>30.11.1972-ലെ സ.ഉ. (എം.എസ്.) 407/72/അഗ്രി. (ഫോറസ്റ്റ് ജനറൽ) നം. സർക്കാർ ഉത്തരവ് പ്രകാരം താമരശ്ശേരി റെയ്ഞ്ചിനു കീഴിലെ അമ്പലക്കണ്ടി പ്ലാന്റേഷൻ, പൊഴിയമംഗലശ്ശേരി, പുത്തലത്ത ചിറ്റാരിക്കൽ പ്ലാന്റേഷൻ എന്നീ 3 പ്ലാന്റേഷനുകളിലായുണ്ടായിരുന്ന 10.79 ഹെക്ടർ (26.66 ഏക്കർ) ഭൂമി കൃഷിക്കാർക്ക് പതിച്ചു നൽകുന്നതിനായി "ഡിസ് - റിസർവ്വ്" ചെയ്ത് റവന്യൂ വകുപ്പിലേക്ക് കൈമാറ്റം ചെയ്യുന്നതിന് നിർദ്ദേശം നൽകി ഉത്തരവായിരുന്നു.<br><br>പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1970-ലെ ആരബിൾ ഫോറസ്റ്റ് ലാൻഡ് അസൈൻമെന്റ് റൂൾസ് പ്രകാരം 243 പേർക്ക് 10 സെന്റ് ഭൂമി വീതം പതിച്ചു നൽകിയിട്ടുണ്ട്. എന്നാൽ, പ്രസ്തുത ഭൂമി വിതരണത്തിൽ ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് ഭൂമി പതിച്ചു കിട്ടിയവരിൽ വ്യവസ്ഥകൾ ലംഘിച്ചവരുടെ പട്ടയങ്ങൾ ടിയാൾക്കാരെ നേരിൽകേട്ട് 1974-ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ്സ് (വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ്) റൂൾസിലെ വ്യവസ്ഥകൾ പ്രകാരം റദ്ദ് ചെയ്യുവാൻ 12.01.2010-ലെ സ.ഉ. (എം.എസ്.) 15/2010/ആർ.ഡി.നം. പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ഈ ഭൂമിക്ക് പട്ടയം അനുവദിച്ചത് 1970-ലെ ആരബിൾ ഫോറസ്റ്റ് ലാൻഡ് അസൈൻമെന്റ് റൂൾസ് പ്രകാരമായതിനാൽ പ്രസ്തുത നിയമപ്രകാരം മാത്രമേ അനുവദിച്ച പട്ടയങ്ങൾ റദ്ദ് ചെയ്യുവാൻ സാധിക്കയുള്ളൂ. 1970-ലെ ആരബിൾ ഫോറസ്റ്റ് ലാൻഡ് അസൈൻമെന്റ് റൂൾസ് പ്രകാരം പട്ടയം റദ്ദ് ചെയ്യുന്നതിന് വ്യവസ്ഥ ചെയ്ത് പുതുക്കിയ ഉത്തരവ് |

| | | | |
|---|---|---|---|
| | | | പുറപ്പെടുവിക്കുന്നതിനും അർഹരായ ഗുണഭോക്താക്കൾക്ക് പട്ടയം അനുവദിക്കുന്നതിനുമുള്ള നടപടികൾ റവ-എൽ2/82/2024-റവ നമ്പർ ഫയലിൽ പരിശോധിച്ച് വരികയാണ്. |
| (സി) | മംഗലശ്ശേരി തോട്ടം നിവാസികൾക്ക് പട്ടയം അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | കോഴിക്കോട് ജില്ലയിലെ കോഴിക്കോട് താലൂക്കിൽ താഴെക്കോട് വില്ലേജിൽ ചേന്ദമംഗല്ലൂർ ദേശത്ത് റീസർവ്വെ 91-ൽ ഉൾപ്പെട്ട 18.12 ഏക്കറും റീസർവ്വെ 99-ൽപ്പെട്ട 7.72 ഏക്കറും ഉൾപ്പെടെ 25.84 ഏക്കർ ഭൂമിയിൽ താമസിക്കുന്ന മംഗലശ്ശേരി തോട്ടം നിവാസികൾക്ക് പട്ടയം അനുവദിക്കുന്ന നടപടികൾ പുരോഗതിയിലാണ്.<br><br>30.11.1972-ലെ സ.ഉ. (എം.എസ്.) 407/72/അഗ്രി. (ഫോറസ്റ്റ് ജനറൽ) നം. സർക്കാർ ഉത്തരവ് പ്രകാരം താമരശ്ശേരി റെയ്ഞ്ചിനു കീഴിലെ അമ്പലക്കണ്ടി പ്ലാന്റേഷൻ, പൊഴിയമംഗലശ്ശേരി, പുത്തലത്തു ചിറ്റാരിക്കൽ പ്ലാന്റേഷൻ എന്നീ 3 പ്ലാന്റേഷനുകളിലായുണ്ടായിരുന്ന 10.79 ഹെക്ടർ (26.66 ഏക്കർ) ഭൂമി കൃഷിക്കാർക്ക് പതിച്ച് നൽകുന്നതിനായി "ഡിസ് - റിസർവ്വ്" ചെയ്ത് റവന്യൂ വകുപ്പിലേക്ക് കൈമാറ്റം ചെയ്യുന്നതിന് നിർദ്ദേശം നൽകി ഉത്തരവായിരുന്നു.<br><br>പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1970-ലെ ആരബിൾ ഫോറസ്റ്റ് ലാൻഡ് അസൈൻമെന്റ് റൂൾസ് പ്രകാരം 243 പേർക്ക് 10 സെന്റ് ഭൂമി വീതം പതിച്ച് നൽകിയിട്ടുണ്ട്. എന്നാൽ, പ്രസ്തുത ഭൂമി വിതരണത്തിൽ ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് ഭൂമി പതിച്ച് കിട്ടിയവരിൽ വ്യവസ്ഥകൾ ലംഘിച്ചവരുടെ പട്ടയങ്ങൾ ടിയാൾക്കാരെ നേരിൽകേട്ട് 1974-ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ്സ് (വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ്) റൂൾസിലെ വ്യവസ്ഥകൾ പ്രകാരം റദ്ദ് ചെയ്യുവാൻ 12.01.2010-ലെ സ.ഉ. (എം.എസ്.) 15/2010/ആർ.ഡി.നം. പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ഈ ഭൂമിക്ക് പട്ടയം അനുവദിച്ചത് 1970-ലെ ആരബിൾ ഫോറസ്റ്റ് ലാൻഡ് അസൈൻമെന്റ് റൂൾസ് പ്രകാരമായതിനാൽ പ്രസ്തുത നിയമപ്രകാരം മാത്രമേ അനുവദിച്ച പട്ടയങ്ങൾ റദ്ദ് ചെയ്യുവാൻ സാധിക്കയുള്ളൂ. 1970-ലെ ആരബിൾ ഫോറസ്റ്റ് ലാൻഡ് അസൈൻമെന്റ് റൂൾസ് പ്രകാരം പട്ടയം റദ്ദ് ചെയ്യുന്നതിന് വ്യവസ്ഥ ചെയ്ത് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും അർഹരായ ഗുണഭോക്താക്കൾക്ക് പട്ടയം അനുവദിക്കുന്നതിനുമുള്ള നടപടികൾ റവ-എൽ2/82/2024-റവ നമ്പർ ഫയലിൽ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ

263 261

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്കിൽ മുക്കം പഞ്ചായത്തിൽ താഴേക്കോട് വില്ലേജിൽപ്പെട്ട ചേന്ദമംഗല്ലൂർ ദേശത്ത് റീ.സ.91, 99 നമ്പരുകളിൽപ്പെട്ട മംഗലശ്ശേരി തോട്ടം നിവാസികളായ കൈവശക്കാരിൽ അർഹരായവർക്ക് നിലവിലെ നിയമത്തിനും ചട്ടങ്ങൾക്കും വിധേയമായി പട്ടയം നൽകുന്നതിന് അനുവാദം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (പി) വകുപ്പ്

സ.ഉ.(കൈയ്യെഴുത്ത്) നമ്പർ. 15/2010/റവന്യൂ. തീയതി, തിരുവനന്തപുരം,12 .01.2010.

---

വായിച്ചത്:- 1. കോഴിക്കോട് താലൂക്കിലെ താഴേക്കാട് വില്ലേജിൽ ചേന്ദമംഗലം ദേശത്ത് മംഗലശ്ശേരി തോട്ടത്തിൽ താമസിക്കുന്ന കർഷക തൊഴിലാളികൾ 16.7.2001-ന് മുൻ കുന്നമംഗലം എം.എൽ.എ. ശ്രീ.യു.സി.രാമൻ മുഖാന്തിരം മുൻ റവന്യൂ വകുപ്പ് മന്ത്രിക്ക് നൽകിയ നിവേദനം.

2. തിരുവമ്പാടി മുൻ എം;എൽ.എ. ശ്രീ.ജോർജ് എം.തോമസ് 21.3.2007-ന് സമർപ്പിച്ച മംഗലശ്ശേരി തോട്ടം നിവാസികളുടെ നിവേദനം.

3. 9.10.2002-ലെ കോഴിക്കോട് ജില്ലാ കളക്ടറുടെ എൽ6/68എ/00, 9.1.2006-ലെയും 7.2.2009-ലെയും എൽ6-2008/49096/11-ാ നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്കിൽ മുക്കം പഞ്ചായത്തിൽ താഴേക്കോട് വില്ലേജിൽ ചേന്ദമംഗല്ലൂർ ദേശത്ത് റീ.സ.91, 99 നമ്പരുകളിൽപ്പെട്ട സർക്കാർ ഭൂമിയിൽ സ്ഥിരം താമസക്കാരായ കർഷക തൊഴിലാളികൾക്ക് പട്ടയം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് മുകളിൽ ഒന്നാമതും രണ്ടാമതുമായി സൂചിപ്പിച്ചിരിക്കുന്ന നിവേദനങ്ങൾ സർക്കാരിന് ലഭിച്ചു.

പ്രസ്തുത നിവേദനങ്ങളിന്മേലുള്ള കോഴിക്കോട് ജില്ലാ കളക്ടറുടെ റിപ്പോർട്ടിൽ, പരാമർശിത ഭൂമി 1980 വരെ സർക്കാർ നിക്ഷിപ്ത വനഭൂമിയായിരുന്നു എന്നും ആയത് 1981-ൽ ഭൂരഹിതരായ ചിലർക്ക് പതിച്ചു നൽകിയതായും, പതിച്ചു കിട്ടിയരിൽ മിക്കവരും ഭൂമി വിറ്റു പോയതായും മറ്റു ചിലർ കുടിൽ വെച്ച് താമസിച്ച് വരുന്നതായും അറിയിച്ചു. 1981-ൽ നിക്ഷിപ്ത വനഭൂമി ഗവൺമെന്റ് ഏറ്റെടുത്ത് പതിച്ചു കൊടുത്തപ്പോൾ 62 പേർക്ക് 10 സെന്റ് ഭൂമി വീതം പതിച്ചു കൊടുത്തിരുന്നതായും ഇങ്ങനെ ഭൂമി കിട്ടിയവർക്ക് ഭൂമി അഭിവൃദ്ധിപ്പെടുത്തുന്നതിന് വേണ്ടി 1982-ൽ പട്ടയം പണയമായി സ്വീകരിച്ച്, ഗവൺമെന്റ് 650/- രൂപാ ഗ്രാന്റായും 400/- രൂപ കടമായും വിതരണം ചെയ്തിരുന്നു എന്നും എന്നാൽ ഈ പണം

തിരിച്ചടയ്ക്കുന്നതിന് മുമ്പ് ഭൂമി പതിച്ചു നൽകിയവരിൽ ഭൂരിഭാഗംപേരും ഭൂമി മറ്റുള്ളവർക്ക് കൈമാറുകയുണ്ടായെന്നും ഈ ഭൂമി രജിസ്റ്റർ ചെയ്ത ആധാര പ്രകാരം കൈമാറാൻ നിയമം അനുവദിക്കാത്തത് കൊണ്ട് അവർ വാക്കാലുള്ള എഗ്രിമെന്റ് പ്രകാരവുമാണ് ഭൂമി കൈമാറിയതെന്നും അങ്ങനെ ഭൂമി കൈമാറികിട്ടിയവരോ, അനന്തരാവകാശികളോ ആണ് പട്ടയത്തിന് വേണ്ടി അപേക്ഷിച്ചിട്ടുള്ളതെന്നും കളക്ടർ അറിയിച്ചു.

പഴയ കൈവശക്കാരിൽ നിന്ന് ഈടാക്കാനുള്ള തുക പലിശ സഹിതം 53816/- രൂപ വരുമെന്ന് കണക്കാക്കിയിട്ടുള്ളതായും അവർ സ്ഥലം മാറി പോയതിനാൽ പിരിച്ചെടുക്കുവാൻ സാധിക്കുകയില്ലെന്നും പതിച്ചു കിട്ടിയവരിൽ ഭൂരിഭാഗം പേരും സ്ഥലം കൈമാറ്റം ചെയ്തിട്ടുള്ളതായും സ്ഥല പരിശോധന നടത്തിയതിൽ 40 കുടംബങ്ങൾ മാത്രമേ ഇപ്പോൾ താമസക്കാരായുള്ളുവെന്നും ഇതിൽ 7 പേർ സർക്കാർ ഭൂമി അനുവദിച്ചു കിട്ടിയവരും 33 പേർ കൈമാറി വരുന്നവരുമാണന്നും കളക്ടർ റിപ്പോർട്ട് ചെയ്തു. ഭൂമി കൈമാറി കിട്ടിയവർ പുതിയ ആധാരം രജിസ്റ്റർ ചെയ്യുകയോ ഭൂനികുതി അടയ്ക്കുകയോ ചെയ്യുന്നില്ലെന്നും ഭൂമി കൈമാറി കിട്ടിയവർ സർക്കാർ ഭൂമി പതിച്ചു കൊടുത്തവരിൽ നിന്നും ഭൂമി വിലകൊടുത്തു വാങ്ങിയവരുമാണെന്നും കളക്ടർ റിപ്പോർട്ട് ചെയ്തു. കൂടാതെ, ഭൂമി പതിച്ചു കിട്ടിയവർ രേഖകൾ പണയപ്പെടുത്തിയതിനാലാണ്, ഭൂമി കൈമാറി കിട്ടിയവർക്ക് രേഖകൾ ലഭിയ്ക്കാതെ പോയതെന്നും കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രശ്നപരിഹാരത്തിനായി ജില്ലാ കളക്ടർ താഴെപ്പറയും പ്രകാരം ശുപാർശ ചെയതു.

1) 1980-ൽ മംഗലശ്ശേരി തോട്ട നിക്ഷിപ്ത വനഭൂമി പതിച്ചു കിട്ടിയ ഗുണഭോക്താക്കൾ കുടിശ്ശികയാക്കിയ വായ്പ തുക 53816/- രൂപ എഴുതി തള്ളി അന്ന് പതിച്ചു കിട്ടിയവരിൽ നിലവിൽ അവിടെ താമസിക്കുന്ന ഏഴു പേർക്ക് പട്ടയം നൽകുക.

2) മുമ്പ് പതിച്ചു കിട്ടിയവരിൽ നിന്ന് വില കൊടുത്ത് വാങ്ങി, അതായത് അവർ രേഖകൾ പണയപ്പെടുത്തിയതു കാരണം രേഖകൾ ലഭിക്കാതെ പോയവർക്ക് പഴയ പട്ടയം റദ്ദ് ചെയ്ത് പുതിയ പട്ടയം അനുവദിക്കുക.

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. കോഴിക്കോട് മംഗലശ്ശേരി തോട്ടം നിവാസികളിൽ കൈവശാവകാശക്കാർക്ക് പട്ടയം നൽകുന്നതിന് താഴെപ്പയും വിധം അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. 1974-ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ്സ് (വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ്) റൂൾസിലെ വ്യവസ്ഥകൾ പ്രകാരം കോഴിക്കോട് ജില്ലയിലെ താഴേക്കോട് വില്ലേജിൽ റീ.സ.91, 99 നമ്പറുകളിൽപ്പെട്ട മംഗലശ്ശേരി തോട്ടം പ്രദേശത്ത് ഭൂമിപതിച്ചു കിട്ടിയവരിൽ വ്യവസ്ഥകൾ ലംഘിച്ചവരുടെ പട്ടയം അവരെ നേരിൽ കേട്ടശേഷം റദ്ദു ചെയ്യേണ്ടതാണ്.
2. പട്ടയം റദ്ദ് ചെയ്ത് ഭൂമി തിരിച്ചെടുക്കുമ്പോൾ നിലവിലെ കൈവശക്കാർ, ചട്ടങ്ങൾ പ്രകാരം ഭൂമി പതിച്ചു കിട്ടുന്നതിന് അർഹതയുള്ളവരാണെങ്കിൽ അവർക്ക് പട്ടയം അനുവദിക്കാവുന്നതാണ്.
3. കുടിശ്ശിക വരുത്തിയിട്ടുള്ളവരെ കണ്ടെത്തി അവരിൽ നിന്നും റവന്യൂ റിക്കവറി നടപടിക്രമം വഴി കുടിശ്ശിക ഈടാക്കാൻ സാധിക്കാതെ വന്നിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത കുടിശ്ശിക (ആകെ 53,816/- രൂപ) എഴുതിതള്ളാവുന്നതാണ്.
4. സർക്കാർ പതിച്ചു നൽകിയതിൽ കൂടുതൽ ഭൂമി കൈവശം വച്ചിരിക്കുന്നവരിൽ നിന്നും പ്രസ്തുത ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനും അർഹരായവർക്ക് പതിച്ചു നൽകുന്നതിനും നടപടി സ്വീകരിയ്ക്കാവുന്നതാണ്.

കോഴിക്കോട് ജില്ലാ കളക്ടർ ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഡോ.നിവേദിത പി.ഹരൻ,
പ്രിൻസിപ്പൽ സെക്രട്ടറി,
റവന്യൂ.

1. ലാൻറ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
2. ജില്ലാ കളക്ടർ, കോഴിക്കോട്.
3. പൊതുഭരണ (എസ്.സി) വകുപ്പ്
   (6.1.2010-ലെ മന്ത്രിസഭാ യോഗ തീരുമാനം നം.4123 പ്രകാരം).
4. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

261

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്കിൽ മുക്കം പഞ്ചായത്തിൽ താഴേക്കോട് വില്ലേജിൽപ്പെട്ട ചേന്ദമംഗല്ലൂർ ദേശത്ത് റീ.സ.91, 99 നമ്പരുകളിൽപ്പെട്ട മംഗലശ്ശേരി തോട്ടം നിവാസികളായ കൈവശക്കാരിൽ അർഹരായവർക്ക് നിലവിലെ നിയമത്തിനും ചട്ടങ്ങൾക്കും വിധേയമായി പട്ടയം നൽകുന്നതിന് അനുവാദം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## റവന്യൂ (പി) വകുപ്പ്

സ.ഉ.(കൈയ്യെഴുത്ത്) നമ്പർ. 15/2010/റവന്യൂ.     തീയതി, തിരുവനന്തപുരം,12 .01.2010.

---

വായിച്ചത്:- 1. കോഴിക്കോട് താലൂക്കിലെ താഴേക്കാട് വില്ലേജിൽ ചേന്ദമംഗലം ദേശത്ത് മംഗലശ്ശേരി തോട്ടത്തിൽ താമസിക്കുന്ന കർഷക തൊഴിലാളികൾ 16.7.2001-ന് മുൻ കുന്നമംഗലം എം.എൽ.എ. ശ്രീ.യു.സി.രാമൻ മുഖാന്തിരം മുൻ റവന്യൂ വകുപ്പ് മന്ത്രിക്ക് നൽകിയ നിവേദനം.

2. തിരുവമ്പാടി മുൻ എം;എൽ.എ. ശ്രീ.ജോർജ് എം.തോമസ് 21.3.2007-ന് സമർപ്പിച്ച മംഗലശ്ശേരി തോട്ടം നിവാസികളുടെ നിവേദനം.

3. 9.10.2002-ലെ കോഴിക്കോട് ജില്ലാ കളക്ടറുടെ എൽ6/68എ/00, 9.1.2006-ലെയും 7.2.2009-ലെയും എൽ6-2008/49096/11-ാ നമ്പർ കത്തുകൾ.

## ഉത്തരവ്

കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്കിൽ മുക്കം പഞ്ചായത്തിൽ താഴേക്കോട് വില്ലേജിൽ ചേന്ദമംഗല്ലൂർ ദേശത്ത് റീ.സ.91, 99 നമ്പരുകളിൽപ്പെട്ട സർക്കാർ ഭൂമിയിൽ സ്ഥിരം താമസക്കാരായ കർഷക തൊഴിലാളികൾക്ക് പട്ടയം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് മുകളിൽ ഒന്നാമതും രണ്ടാമതുമായി സൂചിപ്പിച്ചിരിക്കുന്ന നിവേദനങ്ങൾ സർക്കാരിന് ലഭിച്ചു.

പ്രസ്തുത നിവേദനങ്ങളിന്മേലുള്ള കോഴിക്കോട് ജില്ലാ കളക്ടറുടെ റിപ്പോർട്ടിൽ, പരാമർശിത ഭൂമി 1980 വരെ സർക്കാർ നിക്ഷിപ്ത വനഭൂമിയായിരുന്നു എന്നും ആയത് 1981-ൽ ഭൂരഹിതരായ ചിലർക്ക് പതിച്ചു നൽകിയതായും, പതിച്ചു കിട്ടിയരിൽ മിക്കവരും ഭൂമി വിറ്റു പോയതായും മറ്റു ചിലർ കുടിൽ വെച്ച് താമസിച്ച് വരുന്നതായും അറിയിച്ചു. 1981-ൽ നിക്ഷിപ്ത വനഭൂമി ഗവൺമെന്റ് ഏറ്റെടുത്ത് പതിച്ചു കൊടുത്തപ്പോൾ 62 പേർക്ക് 10 സെന്റ് ഭൂമി വീതം പതിച്ചു കൊടുത്തിരുന്നതായും ഇങ്ങനെ ഭൂമി കിട്ടിയവർക്ക് ഭൂമി അഭിവൃദ്ധിപ്പെടുത്തുന്നതിന് വേണ്ടി 1982-ൽ പട്ടയം പണയമായി സ്വീകരിച്ച്, ഗവൺമെന്റ് 650/- രൂപാ ഗ്രാന്റായും 400/- രൂപ കടമായും വിതരണം ചെയ്തിരുന്നു എന്നും എന്നാൽ ഈ പണം

തിരിച്ചടയ്ക്കുന്നതിന് മുമ്പ് ഭൂമി പതിച്ചു നൽകിയവരിൽ ഭൂരിഭാഗംപേരും ഭൂമി മറ്റുള്ളവർക്ക് കൈമാറുകയുണ്ടായെന്നും ഈ ഭൂമി രജിസ്റ്റർ ചെയ്ത ആധാര പ്രകാരം കൈമാറാൻ നിയമം അനുവദിക്കാത്തത് കൊണ്ട് അവർ വാക്കാലുള്ള എഗ്രിമെന്റ് പ്രകാരവുമാണ് ഭൂമി കൈമാറിയതെന്നും അങ്ങനെ ഭൂമി കൈമാറികിട്ടിയവരോ, അനന്തരാവകാശികളോ ആണ് പട്ടയത്തിന് വേണ്ടി അപേക്ഷിച്ചിട്ടുള്ളതെന്നും കളക്ടർ അറിയിച്ചു.

പഴയ കൈവശക്കാരിൽ നിന്ന് ഈടാക്കാനുള്ള തുക പലിശ സഹിതം 53816/- രൂപ വരുമെന്ന് കണക്കാക്കിയിട്ടുള്ളതായും അവർ സ്ഥലം മാറി പോയതിനാൽ പിരിച്ചെടുക്കുവാൻ സാധിക്കുകയില്ലെന്നും പതിച്ചു കിട്ടിയവരിൽ ഭൂരിഭാഗം പേരും സ്ഥലം കൈമാറ്റം ചെയ്തിട്ടുള്ളതായും സ്ഥല പരിശോധന നടത്തിയതിൽ 40 കുടംബങ്ങൾ മാത്രമേ ഇപ്പോൾ താമസക്കാരായുള്ളുവെന്നും ഇതിൽ 7 പേർ സർക്കാർ ഭൂമി അനുവദിച്ചു കിട്ടിയവരും 33 പേർ കൈമാറി വരുന്നവരുമാണന്നും കളക്ടർ റിപ്പോർട്ട് ചെയ്തു. ഭൂമി കൈമാറി കിട്ടിയവർ പുതിയ ആധാരം രജിസറ്റർ ചെയ്യുകയോ ഭൂനികുതി അടയ്ക്കുകയോ ചെയ്യുന്നില്ലെന്നും ഭൂമി കൈമാറി കിട്ടിയവർ സർക്കാർ ഭൂമി പതിച്ചു കൊടുത്തവരിൽ നിന്നും ഭൂമി വിലകൊടുത്തു വാങ്ങിയവരുമാണെന്നും കളക്ടർ റിപ്പോർട്ട് ചെയ്തു. കൂടാതെ, ഭൂമി പതിച്ചു കിട്ടിയവർ രേഖകൾ പണയപ്പെടുത്തിയതിനാലാണ്, ഭൂമി കൈമാറി കിട്ടിയവർക്ക് രേഖകൾ ലഭിയ്ക്കാതെ പോയതെന്നും കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രശ്നപരിഹാരത്തിനായി ജില്ലാ കളക്ടർ താഴെപ്പറയും പ്രകാരം ശുപാർശ ചെയതു.

1) 1980-ൽ മംഗലശ്ശേരി തോട്ട നിക്ഷിപ്ത വനഭൂമി പതിച്ചു കിട്ടിയ ഗുണഭോക്താക്കൾ കുടിശ്ശികയാക്കിയ വായ്പ തുക 53816/- രൂപ എഴുതി തള്ളി അന്ന് പതിച്ചു കിട്ടിയവരിൽ നിലവിൽ അവിടെ താമസിക്കുന്ന ഏഴു പേർക്ക് പട്ടയം നൽകുക.

2) മുമ്പ് പതിച്ചു കിട്ടിയവരിൽ നിന്ന് വില കൊടുത്ത് വാങ്ങി, അതായത് അവർ രേഖകൾ പണയപ്പെടുത്തിയതു കാരണം രേഖകൾ ലഭിക്കാതെ പോയവർക്ക് പഴയ പട്ടയം റദ്ദ് ചെയ്ത് പുതിയ പട്ടയം അനുവദിക്കുക.

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. കോഴിക്കോട് മംഗലശ്ശേരി തോട്ടം നിവാസികളിൽ കൈവശാവകാശക്കാർക്ക് പട്ടയം നൽകുന്നതിന് താഴെപ്പയും വിധം അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. 1974-ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ്സ് (വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ്) റൂൾസിലെ വ്യവസ്ഥകൾ പ്രകാരം കോഴിക്കോട് ജില്ലയിലെ താഴേക്കോട് വില്ലേജിൽ റീ.സ.91, 99 നമ്പറുകളിൽപ്പെട്ട മംഗലശ്ശേരി തോട്ടം പ്രദേശത്ത് ഭൂമിപതിച്ചു കിട്ടിയവരിൽ വ്യവസ്ഥകൾ ലംഘിച്ചവരുടെ പട്ടയം അവരെ നേരിൽ കേട്ടശേഷം റദ്ദു ചെയ്യേണ്ടതാണ്.

2. പട്ടയം റദ്ദ് ചെയ്ത് ഭൂമി തിരിച്ചെടുക്കുമ്പോൾ നിലവിലെ കൈവശക്കാർ, ചട്ടങ്ങൾ പ്രകാരം ഭൂമി പതിച്ചു കിട്ടുന്നതിന് അർഹതയുള്ളവരാണെങ്കിൽ അവർക്ക് പട്ടയം അനുവദിക്കാവുന്നതാണ്.

3. കുടിശ്ശിക വരുത്തിയിട്ടുള്ളവരെ കണ്ടെത്തി അവരിൽ നിന്നും റവന്യൂ റിക്കവറി നടപടിക്രമം വഴി കുടിശ്ശിക ഈടാക്കാൻ സാധിക്കാതെ വന്നിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത കുടിശ്ശിക (ആകെ 53,816/- രൂപ) എഴുതിതള്ളാവുന്നതാണ്.

4. സർക്കാർ പതിച്ചു നൽകിയതിൽ കൂടുതൽ ഭൂമി കൈവശം വച്ചിരിക്കുന്നവരിൽ നിന്നും പ്രസ്തുത ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനും അർഹരായവർക്ക് പതിച്ചു നൽകുന്നതിനും നടപടി സ്വീകരിയ്ക്കാവുന്നതാണ്.

കോഴിക്കോട് ജില്ലാ കളക്ടർ ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഡോ.നിവേദിത പി.ഹരൻ,
പ്രിൻസിപ്പൽ സെക്രട്ടറി,
റവന്യൂ.

1. ലാൻറ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
2. ജില്ലാ കളക്ടർ, കോഴിക്കോട്.
3. പൊതുഭരണ (എസ്.സി) വകുപ്പ്
(6.1.2010-ലെ മന്ത്രിസഭാ യോഗ തീരുമാനം നം.4123 പ്രകാരം).
4. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

261

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്കിൽ മുക്കം പഞ്ചായത്തിൽ താഴേക്കോട് വില്ലേജിൽപ്പെട്ട ചേന്ദമംഗല്ലൂർ ദേശത്ത് റീ.സ.91, 99 നമ്പരുകളിൽപ്പെട്ട മംഗലശ്ശേരി തോട്ടം നിവാസികളായ കൈവശക്കാരിൽ അർഹരായവർക്ക് നിലവിലെ നിയമത്തിനും ചട്ടങ്ങൾക്കും വിധേയമായി പട്ടയം നൽകുന്നതിന് അനുവാദം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## റവന്യൂ (പി) വകുപ്പ്

സ.ഉ.(കൈയ്യെഴുത്ത്) നമ്പർ. 15/2010/റവന്യൂ. തീയതി, തിരുവനന്തപുരം,12 .01.2010.

---

വായിച്ചത്:- 1. കോഴിക്കോട് താലൂക്കിലെ താഴേക്കാട് വില്ലേജിൽ ചേന്ദമംഗലം ദേശത്ത് മംഗലശ്ശേരി തോട്ടത്തിൽ താമസിക്കുന്ന കർഷക തൊഴിലാളികൾ 16.7.2001-ന് മുൻ കുന്നമംഗലം എം.എൽ.എ. ശ്രീ.യു.സി.രാമൻ മുഖാന്തിരം മുൻ റവന്യൂ വകുപ്പ് മന്ത്രിക്ക് നൽകിയ നിവേദനം.

2. തിരുവമ്പാടി മുൻ എം;എൽ.എ. ശ്രീ.ജോർജ് എം.തോമസ് 21.3.2007-ന് സമർപ്പിച്ച മംഗലശ്ശേരി തോട്ടം നിവാസികളുടെ നിവേദനം.

3. 9.10.2002-ലെ കോഴിക്കോട് ജില്ലാ കളക്ടറുടെ എൽ6/68എ/00, 9.1.2006-ലെയും 7.2.2009-ലെയും എൽ6-2008/49096/11-ാ നമ്പർ കത്തുകൾ.

## <u>ഉത്തരവ്</u>

കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്കിൽ മുക്കം പഞ്ചായത്തിൽ താഴേക്കോട് വില്ലേജിൽ ചേന്ദമംഗല്ലൂർ ദേശത്ത് റീ.സ.91, 99 നമ്പരുകളിൽപ്പെട്ട സർക്കാർ ഭൂമിയിൽ സ്ഥിരം താമസക്കാരായ കർഷക തൊഴിലാളികൾക്ക് പട്ടയം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് മുകളിൽ ഒന്നാമതും രണ്ടാമതുമായി സൂചിപ്പിച്ചിരിക്കുന്ന നിവേദനങ്ങൾ സർക്കാരിന് ലഭിച്ചു.

പ്രസ്തുത നിവേദനങ്ങളിന്മേലുള്ള കോഴിക്കോട് ജില്ലാ കളക്ടറുടെ റിപ്പോർട്ടിൽ, പരാമർശിത ഭൂമി 1980 വരെ സർക്കാർ നിക്ഷിപ്ത വനഭൂമിയായിരുന്നു എന്നും ആയത് 1981-ൽ ഭൂരഹിതരായ ചിലർക്ക് പതിച്ചു നൽകിയതായും, പതിച്ചു കിട്ടിയരിൽ മിക്കവരും ഭൂമി വിറ്റു പോയതായും മറ്റു ചിലർ കുടിൽ വെച്ച് താമസിച്ച് വരുന്നതായും അറിയിച്ചു. 1981-ൽ നിക്ഷിപ്ത വനഭൂമി ഗവൺമെന്റ് ഏറ്റെടുത്ത് പതിച്ചു കൊടുത്തപ്പോൾ 62 പേർക്ക് 10 സെന്റ് ഭൂമി വീതം പതിച്ചു കൊടുത്തിരുന്നതായും ഇങ്ങനെ ഭൂമി കിട്ടിയവർക്ക് ഭൂമി അഭിവൃദ്ധിപ്പെടുത്തുന്നതിന് വേണ്ടി 1982-ൽ പട്ടയം പണയമായി സ്വീകരിച്ച്, ഗവൺമെന്റ് 650/- രൂപാ ഗ്രാന്റായും 400/- രൂപ കടമായും വിതരണം ചെയ്തിരുന്നു എന്നും എന്നാൽ ഈ പണം

തിരിച്ചടയ്ക്കുന്നതിന് മുമ്പ് ഭൂമി പതിച്ചു നൽകിയവരിൽ ഭൂരിഭാഗംപേരും ഭൂമി മറ്റുള്ളവർക്ക് കൈമാറുകയുണ്ടായെന്നും ഈ ഭൂമി രജിസ്റ്റർ ചെയ്ത ആധാര പ്രകാരം കൈമാറാൻ നിയമം അനുവദിക്കാത്തത് കൊണ്ട് അവർ വാക്കാലുള്ള എഗ്രിമെന്റ് പ്രകാരവുമാണ് ഭൂമി കൈമാറിയതെന്നും അങ്ങനെ ഭൂമി കൈമാറികിട്ടിയവരോ, അനന്തരാവകാശികളോ ആണ് പട്ടയത്തിന് വേണ്ടി അപേക്ഷിച്ചിട്ടുള്ളതെന്നും കളക്ടർ അറിയിച്ചു.

പഴയ കൈവശക്കാരിൽ നിന്ന് ഈടാക്കാനുള്ള തുക പലിശ സഹിതം 53816/- രൂപ വരുമെന്ന് കണക്കാക്കിയിട്ടുള്ളതായും അവർ സ്ഥലം മാറി പോയതിനാൽ പിരിച്ചെടുക്കുവാൻ സാധിക്കുകയില്ലെന്നും പതിച്ചു കിട്ടിയവരിൽ ഭൂരിഭാഗം പേരും സ്ഥലം കൈമാറ്റം ചെയ്തിട്ടുള്ളതായും സ്ഥല പരിശോധന നടത്തിയതിൽ 40 കുടംബങ്ങൾ മാത്രമേ ഇപ്പോൾ താമസക്കാരായുള്ളുവെന്നും ഇതിൽ 7 പേർ സർക്കാർ ഭൂമി അനുവദിച്ചു കിട്ടിയവരും 33 പേർ കൈമാറി വരുന്നവരുമാണന്നും കളക്ടർ റിപ്പോർട്ട് ചെയ്തു. ഭൂമി കൈമാറി കിട്ടിയവർ പുതിയ ആധാരം രജിസറ്റർ ചെയ്യുകയോ ഭൂനികുതി അടയ്ക്കുകയോ ചെയ്യുന്നില്ലെന്നും ഭൂമി കൈമാറി കിട്ടിയവർ സർക്കാർ ഭൂമി പതിച്ചു കൊടുത്തവരിൽ നിന്നും ഭൂമി വിലകൊടുത്തു വാങ്ങിയവരുമാണെന്നും കളക്ടർ റിപ്പോർട്ട് ചെയ്തു. കൂടാതെ, ഭൂമി പതിച്ചു കിട്ടിയവർ രേഖകൾ പണയപ്പെടുത്തിയതിനാലാണ്, ഭൂമി കൈമാറി കിട്ടിയവർക്ക് രേഖകൾ ലഭിയ്ക്കാതെ പോയതെന്നും കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രശ്നപരിഹാരത്തിനായി ജില്ലാ കളക്ടർ താഴെപ്പറയും പ്രകാരം ശുപാർശ ചെയതു.

1) 1980-ൽ മംഗലശ്ശേരി തോട്ട നിക്ഷിപ്ത വനഭൂമി പതിച്ചു കിട്ടിയ ഗുണഭോക്താക്കൾ കുടിശ്ശികയാക്കിയ വായ്പ തുക 53816/- രൂപ എഴുതി തള്ളി അന്ന് പതിച്ചു കിട്ടിയവരിൽ നിലവിൽ അവിടെ താമസിക്കുന്ന ഏഴു പേർക്ക് പട്ടയം നൽകുക.

2) മുമ്പ് പതിച്ചു കിട്ടിയവരിൽ നിന്ന് വില കൊടുത്ത് വാങ്ങി, അതായത് അവർ രേഖകൾ പണയപ്പെടുത്തിയതു കാരണം രേഖകൾ ലഭിക്കാതെ പോയവർക്ക് പഴയ പട്ടയം റദ്ദ് ചെയ്ത് പുതിയ പട്ടയം അനുവദിക്കുക.

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. കോഴിക്കോട് മംഗലശ്ശേരി തോട്ടം നിവാസികളിൽ കൈവശാവകാശക്കാർക്ക് പട്ടയം നൽകുന്നതിന് താഴെപ്പയും വിധം അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. 1974-ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ്സ് (വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ്) റൂൾസിലെ വ്യവസ്ഥകൾ പ്രകാരം കോഴിക്കോട് ജില്ലയിലെ താഴേക്കോട് വില്ലേജിൽ റീ.സ.91, 99 നമ്പറുകളിൽപ്പെട്ട മംഗലശ്ശേരി തോട്ടം പ്രദേശത്ത് ഭൂമിപതിച്ചു കിട്ടിയവരിൽ വ്യവസ്ഥകൾ ലംഘിച്ചവരുടെ പട്ടയം അവരെ നേരിൽ കേട്ടശേഷം റദ്ദു ചെയ്യേണ്ടതാണ്.
2. പട്ടയം റദ്ദ് ചെയ്ത് ഭൂമി തിരിച്ചെടുക്കുമ്പോൾ നിലവിലെ കൈവശക്കാർ, ചട്ടങ്ങൾ പ്രകാരം ഭൂമി പതിച്ചു കിട്ടുന്നതിന് അർഹതയുള്ളവരാണെങ്കിൽ അവർക്ക് പട്ടയം അനുവദിക്കാവുന്നതാണ്.
3. കുടിശ്ശിക വരുത്തിയിട്ടുള്ളവരെ കണ്ടെത്തി അവരിൽ നിന്നും റവന്യൂ റിക്കവറി നടപടിക്രമം വഴി കുടിശ്ശിക ഈടാക്കാൻ സാധിക്കാതെ വന്നിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത കുടിശ്ശിക (ആകെ 53,816/- രൂപ) എഴുതിതള്ളാവുന്നതാണ്.
4. സർക്കാർ പതിച്ചു നൽകിയതിൽ കൂടുതൽ ഭൂമി കൈവശം വച്ചിരിക്കുന്നവരിൽ നിന്നും പ്രസ്തുത ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനും അർഹരായവർക്ക് പതിച്ചു നൽകുന്നതിനും നടപടി സ്വീകരിയ്ക്കാവുന്നതാണ്.

കോഴിക്കോട് ജില്ലാ കളക്ടർ ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഡോ.നിവേദിത പി.ഹരൻ,
പ്രിൻസിപ്പൽ സെക്രട്ടറി,
റവന്യൂ.

1. ലാൻറ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
2. ജില്ലാ കളക്ടർ, കോഴിക്കോട്.
3. പൊതുഭരണ (എസ്.സി) വകുപ്പ്
(6.1.2010-ലെ മന്ത്രിസഭാ യോഗ തീരുമാനം നം.4123 പ്രകാരം).
4. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.